# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം
2012 ജൂൺ 13, ബുധൻ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 300)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | 624 മുതൽ 748 വരെ |
| ജലവിഭവകുപ്പുമന്ത്രി | 749 മുതൽ 811 വരെ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | 812 മുതൽ 848 വരെ |
| പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | 849 മുതൽ 876വരെ |
| പട്ടികജാതി -പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | 877 മുതൽ 923 വരെ |

<u>അവശ്യ മരുന്നുകളുടെ വില വർദ്ധനവ് നിയന്ത്രിക്കാൻ നടപടി</u>

624 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യമരുന്നുകളുടെ വില വർദ്ധിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) മരുന്നുകളുടെ വില ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) മരുന്ന് നിർമ്മാണ ഏജൻസികൾ പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

(ഡി) അവശ്യ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ജീവന്‍ രക്ഷാ ഔഷധങ്ങളുടെ വില കുറയ്ക്കുന്നതിന്**

625 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ജീവന്‍രക്ഷാ ഔഷധങ്ങളുടെ വില കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികളില്‍ ഇതു വരെയുണ്ടായ പുരോഗതി വിശദമാക്കുമോ;

(ബി) വില കുറയ്ക്കുന്നതിന് സര്‍ക്കാര്‍ വരുത്തുന്ന ശ്രമങ്ങള്‍ക്കെതിരെ ഈ രംഗത്ത് പ്രവര്‍ത്തിക്കുന്നവരില്‍ നിന്ന് എന്തെങ്കിലും എതിര്‍പ്പ് ഉണ്ടാകുന്നുണ്ടോ; എങ്കില്‍ ആയത് ഒഴിവാക്കാന്‍ നടപടി സ്വീകരിക്കുമോ?

(സി) ജീവന്‍രക്ഷാ മരുന്നുകള്‍ക്ക് സബ്സിഡി നല്‍കി വിതരണം ചെയ്യുന്നതിന് സംവിധാനം ഏര്‍പ്പെടുത്തുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>ജീവന്‍രക്ഷാ മരുന്നുകളുടെ വില ദൈനംദിന വര്‍ദ്ധിച്ചു വരുന്ന സംഭവം</u>**

**626 ശ്രീ. പി. കെ. ബഷീര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ജീവന്‍രക്ഷാ മരുന്നുകളുടെ വില ദൈനംദിനം വര്‍ദ്ധിച്ചുവരുന്നുവെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കാന്‍സര്‍, കിഡ്നി രോഗങ്ങള്‍, ഹൃദ്രോഗം, പ്രമേഹം, രക്താതിമര്‍ദ്ദം തുടങ്ങിയ രോഗങ്ങള്‍ക്കുള്ള മരുന്നുകള്‍ സാധാരണക്കാര്‍ക്ക് പ്രാപ്യമായ രീതിയില്‍ വില കുറച്ച് നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മരുന്നുകള്‍ വില കുറച്ച് നല്‍കുന്നതിന് വേണ്ടി ആരംഭിച്ച നീതി മെഡിക്കല്‍ സ്റ്റോര്‍ പോലെയുള്ള സ്ഥാപനങ്ങള്‍ ആരോഗ്യ വകുപ്പിന്റെ നേരിട്ടുള്ള മേല്‍നോട്ടത്തില്‍ നടത്തുന്നതിനും, അവിടെ എല്ലാത്തരം മരുന്നുകളും ലഭ്യമാക്കുന്നതിനും നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>സര്‍ക്കാര്‍ നിയന്ത്രണത്തില്‍ ജീവന്‍രക്ഷാ ഔഷധങ്ങള്‍ ലഭ്യമാക്കാന്‍ നടപടി</u>**

**627** **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് ജീവന്‍രക്ഷാ ഔഷധങ്ങളുടെ വില നിലവാരം ക്രമാതീതമായി ഉയര്‍ന്നിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇടത്തട്ടുകാരെ ഒഴിവാക്കി സര്‍ക്കാര്‍ നിയന്ത്രണത്തില്‍ ജീവന്‍രക്ഷാ ഔഷധങ്ങള്‍ ലഭ്യമാക്കുവാന്‍ സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**സിസേറിയന്‍ പ്രസവം വര്‍ദ്ധിക്കുന്നത് തടയാന്‍ നടപടി**

628 ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണന്‍
,, പി. സി. വിഷ്ണുനാഥ്
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ആശുപത്രികളില്‍, പ്രത്യേകിച്ച് സ്വകാര്യ ആശുപത്രികളില്‍ സിസേറിയന്‍ പ്രസവം വര്‍ദ്ധിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദാംശം നല്‍കാമോ ;

(ബി) സിസേറിയന്‍ പ്രസവ ചെലവ് പാവപ്പെട്ടവര്‍ക്ക് താങ്ങാന്‍ ബുദ്ധിമുട്ടായതിനാല്‍ സ്വാഭാവിക പ്രസവം പ്രോത്സാഹിപ്പിക്കുന്നതിന് എന്തൊക്കെ ബോധവല്‍ക്കരണ മാര്‍ഗ്ഗങ്ങള്‍ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ;

(സി) സ്വകാര്യ ആശുപത്രികള്‍ സിസേറിയന്‍ വഴിയുള്ള പ്രസവം പ്രോത്സാഹിപ്പിക്കുന്നത് തടയാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>എസ്. എ. ടി. ആശുപത്രിയിൽ ശിശുക്കൾക്ക് അണുബാധ</u>

629 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**
**,, ബി. സത്യൻ**
**,, വി. ശിവൻകുട്ടി**
**ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എസ്. എ. ടി. ആശുപത്രിയിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ അണുബാധയേറ്റ ശിശുക്കളുടെ എണ്ണം വളരെ വർദ്ധിച്ചതും അമ്പതിലധികം നവജാത ശിശുക്കൾ മരണപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ കാരണമെന്താണെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത്?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലെ കിടത്തി ചികിത്സ</u>

630 ശ്രീ. കെ. എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും പത്ത് രോഗികളെ വീതമെങ്കിലും കിടത്തി ചികിത്സിക്കുവാൻ നിർദ്ദേശം നൽകുമോ;

(ബി) പ്രസ്തുത ചികിത്സയ്ക്ക് സൗകര്യങ്ങളുള്ള സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത് അവിടേയ്ക്കാവശ്യമായ ഡോക്ടർമാരേയും സ്റ്റാഫിനേയും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ക്യൂബന്‍ മോഡല്‍ ആരോഗ്യ പദ്ധതി</u>

631 ശ്രീ. വി. എസ്. സുനില്‍ കുമാര്‍
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ. കെ. വിജയന്‍
,, ജി. എസ്. ജയലാല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ക്യൂബന്‍ മോഡല്‍ ആരോഗ്യ പദ്ധതി ഉപേക്ഷിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ; എങ്കില്‍ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യവും പ്രവര്‍ത്തന രീതിയും എന്തായിരുന്നു;

(സി) പ്രസ്തുത പദ്ധതിക്കു പകരമായി പുതിയ പദ്ധതിക്ക് രൂപം നല്‍കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ എന്താണെന്ന് വിശദമാക്കുമോ;

(ഡി) പുതിയ പദ്ധതിക്ക് കേന്ദ്രാനുമതി ആവശ്യമുണ്ടോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ലാബ് ടെക്നീഷ്യന്മാരുടെ അപര്യാപ്തത</u>

632 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
,, പി. റ്റി. എ. റഹീം
,, കെ. വി. വിജയദാസ്
,, എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ലാബ് ടെക്നീഷ്യൻമാർ ഇല്ലാത്തതിനാൽ സംസ്ഥാനത്തെ മിക്ക സർക്കാർ ആശുപത്രികളിലെയും ലാബുകളുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് മനസ്സിലാക്കിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ലാബ് ടെക്നീഷ്യന്മാരുടെ തസ്തികകളുടെ എണ്ണവും നിലവിലുള്ള ഒഴിവുകളും എത്രയെന്ന് അറിയിക്കാമോ;

(സി) വ്യാപകമായ പകർച്ചവ്യാധികളെ തടയാൻ ഇത് പ്രതിബന്ധമായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**സ്വകാര്യ മെഡിക്കൽ സ്റ്റോറുകളുടെയും മെഡിക്കൽ ലാബുകളുടെയും ചൂഷണം**

633 **ശ്രീ. പി. തിലോത്തമൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ മെഡിക്കൽ സ്റ്റോറുകളുടെയും മെഡിക്കൽ ലാബുകളുടെയും ചൂഷണം അസഹ്യമാകുന്ന ഈ കാലഘട്ടത്തിൽ സാധാരണക്കാരായ രോഗികളെ സഹായിക്കുവാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഇത്തരം സ്ഥാപനങ്ങൾ നൽകുന്ന മരുന്നുകളുടേയും സേവനങ്ങളുടെയും വില നിശ്ചയിക്കപ്പെടുന്നത് എന്തെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണെന്ന് വ്യക്തമാക്കുമോ; ഈ വില നിർണ്ണയത്തിൽ സർക്കാരിന് എന്തെങ്കിലും പങ്കുണ്ടോ;

(സി) ലാബുകളുടെ പരിശോധനാഫലങ്ങളുടെ സ്വീകാര്യതയുടെ പേരിൽ വിവിധ ലാബുകളിൽ മാറിമാറി ഒരേ ടെസ്റ്റുകൾ നടത്താൻ ചില ഡോക്ടർമാർ നിർദ്ദേശിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം പാവപ്പെട്ട രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം**

634 **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകണമെന്ന ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിൽ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) ദേശീയ മനുഷ്യാവകാശ കമ്മീഷൻ വിധി പ്രകാരമുള്ള സാമ്പത്തിക സഹായം എന്ന് നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ;

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**എന്‍ഡോസള്‍ഫാന്‍ സംബന്ധിച്ച സര്‍ക്കാര്‍ തല പഠന റിപ്പോര്‍ട്ട്**

635 **ശ്രീ. കോടിയേരി ബാലകൃഷ്ണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് കണ്ടുവരുന്ന നിരവധി രോഗങ്ങള്‍ക്ക് അടിസ്ഥാനം എന്‍ഡോസള്‍ഫാന്‍ തളിച്ചതാണെന്ന് സ്ഥിരീകരിച്ച ആദ്യത്തെ സര്‍ക്കാര്‍ തല പഠന റിപ്പോര്‍ട്ട് ഏതാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പഠന റിപ്പോര്‍ട്ടില്‍ കീടനാശിനി കമ്പനി പ്രതിനിധിയുടെ നിര്‍ദ്ദേശങ്ങള്‍ കൂടി സ്വീകരിച്ച് കുറ്റമറ്റതാക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന ആരോഗ്യവകുപ്പ് കോഴിക്കോട് മെഡിക്കല്‍ കോളേജ് കമ്മ്യൂണിറ്റി മെഡിസിന്‍ വിഭാഗം മേധാവിക്ക് കത്ത് നല്‍കിയിരുന്നുവോ;

(സി) എങ്കില്‍ പ്രസ്തുത കത്തിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ആരോഗ്യ മേഖലയിൽ കേന്ദ്ര പദ്ധതികൾ**

636 ശ്രീ. വർക്കല കഹാർ
,, അൻവർ സാദത്ത്
,, തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നവംബറിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ഡൽഹി സന്ദർശനം മൂലം ആരോഗ്യ മേഖലയിൽ ലഭിച്ച പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഈ പദ്ധതികൾക്കായി എത്ര കോടി രൂപയുടെ കേന്ദ്ര ധനസഹായം ആണ് ലഭിക്കുന്നത്;

(സി) ഈ പദ്ധതികൾ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**നാഷണൽ റൂറൽ ഹെൽത്ത് മിഷൻ**

637 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ സംസ്ഥാനത്ത് 2011-2012ൽ എത്ര തുകയാണ് അനുവദിച്ചത് ;

(ബി) 2011-2012ൽ പഞ്ചായത്തുകൾക്ക് പ്രസ്തുത മിഷൻ എത്ര തുകയാണ് നൽകിയത് ; പ്രസ്തുത തുകയുടെ വിനിയോഗം തൃപ്തികരമാണോ ;

(സി) കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയുടെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ എന്നു നിർവ്വഹിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**നാഷണൽ റൂറൽ ഹെൽത്ത് മിഷൻ**

638 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാഷണൽ റൂറൽ ഹെൽത്ത് മിഷൻ സംസ്ഥാനത്തിന് അനുവദിച്ച തുകയിൽ നിന്നും പഞ്ചായത്തുകൾക്ക് മാറ്റി വയ്ക്കുകയും ചെലവഴിക്കുകയും ചെയ്ത തുക എത്രയാണ്;

(ബി) പ്രസ്തുത തുക എന്തെല്ലാം കാര്യങ്ങൾക്കായാണ് വിനിയോഗിച്ചിട്ടുള്ളത്;

(സി) ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി എൻ.ആർ.എച്ച്.എം ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയതും പൂർത്തീകരിച്ച് കൊണ്ടിരിക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണ്;

(ഡി) അവയ്ക്കോരോന്നിനും ചെലവാക്കിയ തുക സംബന്ധിച്ച വിശദാംശവും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>മഴക്കാല ജന്യരോഗങ്ങൾ</u>

639 ശ്രീ. എം. ഉമ്മർ.

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ വർഷം മഴക്കാലജന്യരോഗങ്ങൾ ഉണ്ടായിരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം പ്രസ്തുത രോഗങ്ങളുടെ പ്രതിരോധത്തിനായി സ്വീകരിച്ച മാർഗ്ഗങ്ങൾ വ്യക്തമാക്കാമോ;

(സി) ബോധവൽക്കരണ ക്ലാസുകൾക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കും സ്വകാര്യ ആശുപത്രികളുടെ സേവനം പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) പനിയും മറ്റു രോഗങ്ങളും വ്യാപിക്കാനിടയുള്ള പശ്ചാത്തലത്തിൽ മുൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**മഴക്കാലജന്യ രോഗങ്ങളുടെ പ്രതിരോധം**

640 ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

മഴക്കാലജന്യ രോഗങ്ങളെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**മഴക്കാല രോഗപ്രതിരോധ പ്രവർത്തനം നടത്തുന്നതിന് വൈപ്പിൻ മണ്ഡലത്തിനുള്ള ഫണ്ട്**

641 **ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗപ്രതിരോധപ്രവർത്തനം നടത്തുന്നതിന് വൈപ്പിൻ മണ്ഡലത്തിൽ ഫണ്ട് ലഭ്യമായിട്ടുണ്ടോയെന്ന് പറയാമോ;

(ബി) ഉണ്ടെങ്കിൽ, ഓരോ പഞ്ചായത്തുകളിലെയും പ്രവർത്തനത്തിന് എത്ര രൂപയാണ് നീക്കിവച്ചിട്ടുള്ളതെന്നും, ഇതിന്റെ മേൽനോട്ടം ആർക്കെന്നും വ്യക്തമാക്കാമോ;

(സി) മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾക്ക് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ജീവിത ശൈലീ രോഗം**

642 ശ്രീ. റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്
,, പി. സി. വിഷ്ണുനാഥ്
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലിരോഗ ചികിൽസയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് ആരോഗ്യനയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജീവിതശൈലീരോഗ നിയന്ത്രണത്തിനും ചികിൽസയ്ക്കും എന്തൊക്കെ സംവിധാനങ്ങളാണ് കൂടുതലായി ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ;

(സി) രോഗ ചികിൽസാ സൗകര്യം വർദ്ധിപ്പിക്കുന്നതിനും രോഗം പിടിപെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ഉളള നടപടികൾക്ക് കൂടുതൽ പ്രാധാന്യം നൽകുവാനും ആയതിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുവാനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

### ആധുനിക ജീവിതശൈലി രോഗങ്ങൾ

643 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ആധുനിക ജീവിതശൈലി മുഖാന്തിരമുള്ള രോഗങ്ങളുടെ തീവ്രത മനസ്സിലാക്കി എന്തെല്ലാം മുൻകരുതൽ പദ്ധതികളാണ് ആവിഷ്കരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പകർച്ച വ്യാധികളല്ലാത്ത രോഗങ്ങൾ തടയുന്നതിന് ജില്ലകൾ തോറും പ്രത്യേക പാക്കേജ് നടപ്പാക്കുന്നതിനും സമഗ്രമായ പഠനം നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>പ്രമേഹ-രക്തസമ്മർദ്ദ രോഗികൾക്ക് സൗജന്യ മരുന്നു വിതരണം</u>**

**644 ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രമേഹ-രക്തസമ്മർദ്ദ രോഗികൾക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രഖ്യാപനം എന്നാണ് നടത്തിയതെന്നും എന്നു മുതലാണ് മരുന്നുകൾ സൗജന്യമായി നൽകുമെന്ന് പ്രഖ്യാപിച്ചതെന്നും വ്യക്തമാക്കാമോ;

(സി) മരുന്നുകൾ സൗജന്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ആരോഗ്യ വകുപ്പിന്റെ സമഗ്ര വികസനം**

645 **ശ്രീ. പി. ഉബൈദുള്ള**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പിനു കീഴിൽ പ്രാഥമികതലം മുതലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേശീയ നിലവാരത്തിലേക്ക് ഇത്തരം സ്ഥാപനങ്ങളെ ഉയർത്തിക്കൊണ്ടു വരാനും ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുവാനുമുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ആരോഗ്യ വകുപ്പിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>റ്റിബി ക്ലിനിക്കുകളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തല്‍</u>

646 ശ്രീ. രമേശ് ചെന്നിത്തല

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ റ്റിബി ക്ലിനിക്കുകള്‍ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങള്‍/ചികിത്സാ അനുബന്ധ സൗകര്യങ്ങളുടെ പരിമതികള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ കരുവാറ്റ സര്‍ക്കാര്‍ ടി.ബി ക്ലിനിക്കിന്റെ നവീകരണത്തിനും, പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിനുമുള്ള സത്വര നടപടികള്‍ സ്വീകരിക്കുമോ;

(സി) നിര്‍ദ്ദിഷ്ട ക്ലിനിക്കിന്റെ പ്രവര്‍ത്തനത്തിനുള്ള സര്‍ക്കാര്‍ ഗ്രാന്റുകള്‍/സാമ്പത്തിക സഹായങ്ങള്‍ സമയബന്ധിതമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ക്ലിനിക്കിന്റെ പേരില്‍ ഹരിപ്പാട് ട്രഷറിയിലുള്ള അക്കൗണ്ടില്‍ നിന്നും തുക പിന്‍വലിക്കുന്നതിന് നിലവിലുള്ള സാങ്കേതിക തടസ്സം മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) എന്‍ആര്‍എച്ച്എം ഉള്‍പ്പെടെയുള്ള കേന്ദ്ര സംസ്ഥാന ആരോഗ്യ പരിപാലന പദ്ധതികളുടെ പ്രയോജനം സംസ്ഥാനത്തെ റ്റിബി ക്ലിനിക്കുകളുടെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രയോജനപ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>പാൻമസാല നിരോധനം</u>

647 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, കെ. അച്ചുതൻ
,, റ്റി. എൻ. പ്രതാപൻ
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാൻമസാല നിരോധനം നടപ്പിൽ വന്നിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇത് കർശനമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ആയതു ലംഘിക്കുന്നവർക്കുള്ള ശിക്ഷാ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) നിരോധനം മൂലം എത്ര കോടി രൂപയുടെ വരുമാന നഷ്ടമാണ് സംസ്ഥാനത്തിനുണ്ടാവുന്നത് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ**

T648 ശ്രീ. സി.കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ വ്യാപകമായി വിറ്റഴിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സ്കൂളുകൾക്ക് 100 മീറ്റർ ചുറ്റളവിൽ പുകയില-ലഹരി ഉൽപ്പന്നങ്ങൾ വിൽക്കാൻ പാടില്ലെന്ന നിയമത്തിന് വിരുദ്ധമായി 25 മീറ്റർ ചുറ്റളവിൽ ഇത്തരം ഉൽപ്പന്നങ്ങൾ വ്യാപകമായി വിറ്റഴിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ പരിശോധനകൾ നടത്താൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്;

(ഡി) എന്തുകൊണ്ടാണ് കൃത്യമായ പരിശോധനകൾ നടത്താത്തതെന്ന് വിശദീകരിക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**മാജിക്കൽ റെമഡീസ് നിയമം**

**649** **ശ്രീ. റ്റി.എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കമ്പനികൾ ഔഷധ ഉൽപ്പന്നങ്ങൾക്ക് ഇല്ലാത്ത ഗുണം ഉണ്ടെന്നുപറഞ്ഞ് നടത്തുന്ന പരസ്യങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉൽപ്പന്നങ്ങൾക്ക് കമ്പനികൾ പറയുന്ന ഗുണം ഉണ്ടെന്ന് ശാസ്ത്രീയമായി തെളിയിച്ച ശേഷം മാത്രം പരസ്യം ചെയ്യാൻ പാടുള്ളൂ എന്നുള്ള നിയമം കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) വ്യാജ പരസ്യങ്ങൾ ചെയ്യുന്ന പ്രസ്തുത ഉൽപന്നങ്ങൾ നിരോധിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

## കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി**

650 ശ്രീ. കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, അൻവർ സാദത്ത്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ പരിരക്ഷാ രംഗത്തെ ചൂഷണങ്ങൾക്ക് അറുതി വരുത്തുവാനും ഗുണമേന്മയേറിയ ജീവൻരക്ഷാ ഔഷധങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പുതുതായി അനുവദിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ആയത് സംസ്ഥാനം മുഴുവൻ വ്യാപകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി

651 ശ്രീ. കോടിയേരി ബലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി ഏതെല്ലാം സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി വഴി ഏതെല്ലാം മരുന്നുകളുടെ വിലയിലാണ് കുറവ് വരുത്തി വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ആരംഭത്തിനും നടത്തിപ്പിനുമായി ഇതിനകം പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ഡോക്ടർ പദവിയുടെ ദുരുപയോഗം</u>

652 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഫിസിയോതെറാപ്പി ഓപ്ടോമെട്രി എന്നിവ പാസ്സായവർക്ക് 'ഡോക്ടർ' എന്ന് ബോർഡു വച്ച് സ്വതന്ത്രമായി പ്രാക്ടീസ് ചെയ്യുവാൻ അനുവാദം നൽകിയിട്ടുണ്ടോ; ഈ നടപടി നിയമാനുസൃതമാണോ;

(ബി) 'ഡോക്ടർ' എന്ന പേര് ഉപയോഗിക്കുവാൻ അനുവാദമുള്ളവരുടെ യോഗ്യതകൾ എന്തായിരിക്കണമെന്ന് വ്യക്തമാക്കുമോ;

(സി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, തിരുവതാംകൂർ-കൊച്ചി മെഡിക്കൽ കൗൺസിൽ എന്നിവകൾക്ക് സമാന്തരമായി ചില കൗൺസിലുകൾ രൂപീകരിച്ച് ഇതര ബിരുദ ഡിപ്ലോമധാരികൾ പ്രവർത്തിക്കുന്നതായി അറിവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അത്തരം കൗൺസിലുകളുടെ നിയമ സാധുത സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**എല്ലാ ജില്ലകളിലും സമഗ്ര ആരോഗ്യ പദ്ധതി**

653 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, വി. റ്റി. ബൽറാം
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലകളിലും സമഗ്ര ആരോഗ്യ പദ്ധതി നടപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിലൂടെ വിഭാവന ചെയ്തിട്ടുള്ളത് ;

(സി) ഏതെല്ലാം എജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ഏകീകൃത പൊതുജനാരോഗ്യ നിയമവും പകർച്ചപ്പനിയും**

**654** **ശ്രീ. സി. ദിവാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഏകീകൃത പൊതുജനാരോഗ്യ നിയമം നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത നിയമം സമയബന്ധിതമായി നടപ്പിലാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) പകർച്ചപ്പനി പടർന്നുപിടിക്കുന്ന സാഹചര്യത്തിൽ ആരോഗ്യവകുപ്പ് സ്വീകരിച്ചിട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**പൊതുജനാരോഗ്യനയം**

655 **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുജനാരോഗ്യനയം പരിഷ്ക്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) വിവിധ ആരോഗ്യ മേഖലയിലെ നിയമങ്ങൾ ഏകീകരിക്കാനും ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തസ്തികകളുടെ നോംസ് പുന:ക്രമീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ;

(സി) പൊതുജനാരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന പുകയില ഉൽപ്പന്നങ്ങൾ നിരോധിച്ച നടപടി കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ആയത് പരിശോധിക്കുമോ;

(ഡി) ഭക്ഷണ സാധനങ്ങളിൽ ഉപയോഗിക്കുന്ന 'അജിനോമോട്ടോ' കൂടി നിരോധിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

ആശുപത്രി വികസന സമിതികളുടെ പുന:സംഘടന

656 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴുള്ള ആശുപത്രി വികസന സമിതികൾ പരാജയമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് എന്ത് പരിഹാരമാണ് ഉദ്ദേശിക്കുന്നത് ;

(ബി) ആശുപത്രികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കഴിയുംവിധം ആശുപത്രി വികസന സമിതികളെ പുന:സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പുതിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവൃത്തികൾ</u>

657 ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള
,, തോമസ് ഉണ്ണിയാടൻ
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പ്രഖ്യാപിച്ച പുതിയ മെഡിക്കൽ കോളേജുകൾ റപവർത്തനം ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പുതിയ സർക്കാർ മെഡിക്കൽ കേളേജുകളുടെ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ അൻപതു കൊല്ലം മുൻകൂട്ടി കണ്ടുകൊണ്ട് ആധുനികവും സൗകര്യപ്രദവുമായ നിലയിൽ നിർമ്മിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പുതിയ സർക്കാർ മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>ആരോഗ്യ വകുപ്പ് മുഖേന നടപ്പാക്കിയ ഫ്ളാഗ്ഷിപ്പ് പദ്ധതി</u>**

**658 ശ്രീ. വി. ശശി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആരോഗ്യവകുപ്പ് മുഖേന ഫ്ളാഗ്ഷിപ്പ് പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഫ്ളാഗ്ഷിപ്പ് പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ചെലവാക്കിയ തുക എത്രയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**സര്‍ക്കാര്‍ ആശുപത്രികളുടെ നിലവാരം ഉയര്‍ത്തുന്നതിന് നടപടികള്‍**

659 ശ്രീ. സി. ദിവാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ആശുപത്രികളെ ദേശീയ പൊതുജനാരോഗ്യ നിലവാരത്തിലേക്ക് ഉയര്‍ത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഫലമായി പുതുതായി ഏതെങ്കിലും ആശുപത്രികളുടെ പദവി ഉയര്‍ത്തിയിട്ടുണ്ടോ. ഉണ്ടെങ്കില്‍ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ഡോ:ബലരാമൻ കമ്മിറ്റി റിപ്പോർട്ട്**

**660** **ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ നഴ്സുമാർ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ നിയോഗിച്ച ഡോ:ബലരാമൻ കമ്മിറ്റി റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് വെളിപ്പെടുത്താമോ;

(സി) റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ എന്തെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കരുതെന്ന് ആവശ്യപ്പെട്ട് ഏതെങ്കിലും വ്യക്തികളോ, സംഘടനകളോ സമീപിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാരിന്റെ നിലപാടെന്തെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

### ഡോ. ബലരാമൻ കമ്മിറ്റിയുടെ ശുപാർശകൾ

661 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച ഡോ. ബലരാമൻ കമ്മിറ്റിയുടെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ്;

(ബി) ഇതിലെ നിർദ്ദേശങ്ങൾ അടിയന്തിര പ്രാധാന്യം നൽകി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>ഡോ:ബലരാമൻ കമ്മിറ്റി റിപ്പോർട്ട്</u>**

**662 ശ്രീ. മുല്ലക്കര രത്നാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ട് സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ;

(ബി) നഴ്സുമാരുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട ഡോ: ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**പകർച്ചവ്യാധികൾ തടയാൻ നടപടി**

663 **ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചിക്കൻ ഗുനിയ, ഡങ്കിപ്പനി, ജപ്പാൻ ജ്വരം മുതലായ പകർച്ചവ്യാധികൾ സംസ്ഥാനത്ത് പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് തടയുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ;

(സി) കൂടുതൽ ആരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാകുന്നതിന് സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**പകർച്ചപ്പനിയും പകർച്ചവ്യാധികളും വ്യാപിക്കുന്നത് തടയാനുളള മുൻകരുതലുകൾ**

664 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പല തരത്തിലുളള മാരകമായ പകർച്ചപ്പനികളും, പകർച്ചവ്യാധികളും വ്യാപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം തരത്തിലുളള പനികളും രോഗങ്ങളുമാണ് ഇന്ന് സാധാരണയായി കണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പകർച്ചപ്പനികൾ വരാതെ നോക്കുന്നതിനും രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ; ആഗതമായ കാലവർഷത്തിൽ രോഗദുരിതങ്ങൾ വർധിക്കാൻ സാധ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ ഒട്ടുമിക്ക പ്രദേശങ്ങളിലും ഖരമാലിന്യ നിർമ്മാർജ്ജനം നടക്കാതെ നഗരങ്ങൾ മുഴുവനും ചവറുകൂനകൾ നിറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് പൊതുജനങ്ങൾക്ക് ഫലപ്രദമായി സ്വീകരിക്കേണ്ട നടപടികളും ഓരോ വിഭാഗം ഉദ്യോഗസ്ഥരുടെയും ചുമതലകളും കടമകളും പൊതുജനങ്ങളെ ബോധ്യപ്പെടുത്തുന്ന രീതിയിൽ പത്രമാധ്യമങ്ങൾ വഴി പ്രസിദ്ധപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ആരോഗ്യമേഖലയിലെ ഒഴിവുകളുടെ വിശദാംശം</u>

665 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷമുളള കാലയളവിൽ സംസ്ഥാനത്ത് മാതൃ മരണ നിരക്ക് വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പൊതുജനാരോഗ്യ മേഖലയിൽ സർക്കാർ ഇടപെടൽ ഫലപ്രദമല്ല എന്നതും ആശുപത്രികളിൽ മരുന്നും മറ്റ് സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിലും ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കുന്നതിലും ഈ സർക്കാരിന് വീഴ്ച വന്നിട്ടുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ആയതിന് എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ;

(സി) ആരോഗ്യ മേഖലയിൽ ഡോക്ടർമാർ, ലാബ് ടെക്നീഷ്യന്മാർ തുടങ്ങി വിവിധ തസ്തികകളിൽ ഒഴിവുകൾ നികത്തപ്പെടാതെ നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഇക്കഴിഞ്ഞ ഒരു വർഷ കാലയളവിൽ പുതുതായി എത്ര ഡോക്ടർമാരെ പി.എസ്.സി വഴി സ്ഥിരമായി നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

### ആരോഗ്യാവകാശ നിയമം

666 ശ്രീ. പി.എ.മാധവൻ
,, അൻവർ സാദത്ത്
,, എ.പി. അബ്ദുള്ളക്കുട്ടി
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യാവകാശ നിയമം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായുള്ള പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) ആയതിന്റെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് അറിയിക്കാമോ; ആയതിനായി ഒരു വർഷം എത്ര തുക ചെലവഴിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ജീവൻ രക്ഷാ മരുന്നുകളുടെ അമിത വില വർദ്ധനവ് തടയുന്നതിനും പാവപ്പെട്ടവർക്ക് കുറഞ്ഞവിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ടെന്നും അറിയിക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് കൺട്രോൾ പ്രോഗ്രാം</u>

667 ശ്രീ. എം. പി. വിൻസെന്റ്
,, പാലോട് രവി
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് കൺട്രോൾ പ്രോഗ്രാം സമാരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോഗ്രാം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം രോഗങ്ങൾക്കാണ് പ്രസ്തുത പ്രോഗ്രാം വഴി പരിചരണം ലഭിക്കുന്നത്;

(ഡി) എല്ലാ ജില്ലകളിലും പ്രസ്തുത പ്രോഗ്രാം നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പകർച്ചവ്യാധികളെ നേരിടുവാൻ കർമ്മ പദ്ധതികൾ</u>

668 ശ്രീ. വി. റ്റി. ബൽറാം
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പകർച്ചവ്യാധികളെ നേരിടുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഏതെല്ലാം ഏജൻസികളുടെ പങ്കാളിത്തത്തോടെയാണ് ആയത് നടപ്പാക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്യമിട്ടിട്ടുള്ളത് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**സാംക്രമിക രോഗങ്ങൾ**

669 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011-12-കാലയളവിൽ സാംക്രമിക രോഗങ്ങൾ ബാധിച്ച് സർക്കാർ ആശുപത്രികളിൽ മരിച്ചവരുടെ എണ്ണം എത്രയാണ്; ഏതൊക്കെ സാംക്രമിക രോഗങ്ങളാൽ മരണപ്പെട്ടുവെന്ന് തരംതിരിച്ച്, ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരം രോഗങ്ങൾ ബാധിച്ച് 2011-12 ൽ സ്വകാര്യ ആശുപത്രികളിൽ മരിച്ചവരുടെ എണ്ണം എത്രയാണ്;

(സി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യാപകമായി ഇപ്പോൾ ഡെങ്ക്യൂപ്പനി പടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിഹരിക്കുന്നതിന് അടിയന്തിരമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് പറയാമോ;

(ഡി) സാംക്രമികരോഗ പ്രതിരോധ രംഗത്ത് സംസ്ഥാനം നേരിടുന്ന നിലവിലെ പ്രതിസന്ധി ശാശ്വതമായി പരിഹരിക്കുവാൻ എന്തൊക്കെ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>നിർധനരായ രോഗികൾ</u>

670 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നിർധനരായ രോഗികൾ, 18 വയസിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ, മാരകരോഗ ബാധിതർ മുതലായവർക്ക് ആരോഗ്യവകുപ്പുമുഖാന്തിരം നൽകിവരുന്ന ചികിൽസാ ധനസഹായങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ സഹായവും ലഭിക്കുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ച തുക**

**671 ശ്രീ. എ. എം. ആരിഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുംവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ കഴിഞ്ഞ ബജറ്റിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വകയിരുത്തിയ തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കാമോ;

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ 2011-12 കാലയളവിൽ നീക്കിവെച്ചിരുന്ന പ്ലാൻ ഫണ്ടും ചെലവും ഇനം തിരിച്ച് അറിയിക്കാമോ;

(സി) 2011-12 ആരോഗ്യമേഖലയ്ക്ക് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയായിരുന്നു; ഓരോന്നിനും വകയിരുത്തിയിരിക്കുന്ന തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്നറിയിക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**പാരാ മെഡിക്കല്‍ കോഴ്സുകള്‍ക്കും നഴ്സിംഗ് കോഴ്സുകള്‍ക്കും പുതിയ പ്രവേശന രീതി**

**672 ശ്രീ. മോന്‍സ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ പാരാ മെഡിക്കല്‍ കോഴ്സുകള്‍ക്കും നഴ്സിംഗ് കോഴ്സുകള്‍ക്കും ഈ വര്‍ഷം പുതിയ പ്രവേശന രീതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ കോളേജുകളിലാണ് ബി.എസ്.സി നഴ്സിംഗ് കോഴ്സ് ഉള്ളത്. എയ്ഡഡ്, അണ്‍ എയ്ഡഡ്, സര്‍ക്കാര്‍ തലത്തിലുള്ള പട്ടിക നല്‍കുമോ;

(സി) സംസ്ഥാനത്തെ അംഗീകൃത ഫാര്‍മസി, മറ്റ് പാരാമെഡിക്കല്‍ കോളേജുകള്‍ ഏതൊക്കെയാണ്; ഇവയുടെ ലിസ്റ്റ് തയ്യാറാക്കി നല്‍കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

### മാനസികരോഗികളുടെ പുനരധിവാസ കേന്ദ്രങ്ങളുടെ നടത്തിപ്പിന് പുതിയ ചട്ടങ്ങള്‍

673 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മാനസിക രോഗികള്‍ക്കാവശ്യമായ പുനരധിവാസ കേന്ദ്രങ്ങളുടെ നടത്തിപ്പിന് പുതിയ ചട്ടങ്ങളുണ്ടാക്കണമെന്ന ബഹു. ഹൈക്കോടതിയുടെ നിര്‍ദ്ദേശം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഹൈക്കോടതിയുടെ പ്രസ്തുത നിര്‍ദ്ദേശത്തിന്മേല്‍ എന്തൊക്കെ നടപടികള്‍ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിന്റെ അംഗീകാരമില്ലാത്ത എത്ര മാനസികാരോഗ്യ കേന്ദ്രങ്ങള്‍ ഇപ്പോള്‍ പ്രവര്‍ത്തിക്കുന്നു. ഇത്തരം മാനസികാരോഗ്യ കേന്ദ്രങ്ങളില്‍ കഴിയുന്ന മാനസിക രോഗികളെ പ്രസ്തുത കേന്ദ്രങ്ങളില്‍ നിന്നും മാറ്റി പുനരധിവസിപ്പിക്കുമോ; പ്രസ്തുത കേന്ദ്രങ്ങള്‍ നടത്തുന്നവര്‍ക്കെതിരെ കര്‍ശന നിയമ നടപടികള്‍ സ്വീകരിക്കുമോ; വിശദമാക്കുമോ ?

(സി) ആരോഗ്യ വകുപ്പിന്റെ അംഗീകാരത്തോടു കൂടി പ്രവര്‍ത്തിക്കുന്നതും, സര്‍ക്കാരിന്റെ കീഴിലുമുള്ള മാനസികാരോഗ്യ കേന്ദ്രങ്ങളില്‍ അധിവസിക്കുന്ന മാനസിക രോഗികള്‍ക്കുണ്ടാകുന്ന പീഡനം അവസാനിപ്പിക്കുവാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സ്വത്തിനും മറ്റ് പല നേട്ടങ്ങള്‍ക്കുവേണ്ടിയും മാനസിക രോഗമില്ലാത്തവരെ മാനസിക രോഗികളാണെന്ന് വരുത്തി തീര്‍ത്ത് തടവിലിടുന്നതിന് ചില മാനസികാരോഗ്യ കേന്ദ്രങ്ങള്‍ എല്ലാവിധ സഹായവും ചെയ്തു കൊടുക്കുന്നുണ്ട് എന്നുള്ള ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; എങ്കില്‍ ഇത്തരം പ്രവണതകള്‍ അവസാനിപ്പിക്കുവാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>സർക്കാർ നിയന്ത്രണമില്ലാത്ത മനോരോഗികൾക്കായുള്ള പുനരധിവാസ കേന്ദ്രങ്ങൾ</u>**

674 **ശ്രീ. ബാബു എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രണമില്ലാതെ മാനസിക രോഗികളെ പാർപ്പിക്കുന്ന പുനരധിവാസ കേന്ദ്രങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യക്തികളും സംഘടനകളും നടത്തുന്ന ഇത്തരം സ്ഥാപനങ്ങളിൽ മതിയായ യോഗ്യതയുള്ള ഡോക്ടർമാരോ സൗകര്യങ്ങളോ ഇല്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**108 ആംബുലൻസിന്റെ സേവനം**

675 ശ്രീ. പി. സി. വിഷ്ണുനാഥ്
,, എം. പി. വിൻസെന്റ്
,, ഐ. സി. ബാലകൃഷ്ണൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 108 ആംബുലൻസിന്റെ സേവനം എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിന് പുതിയ ആംബുലൻസുകൾ വാങ്ങിക്കുവാൻ കേരള എമർജൻസി മെഡിക്കൽ പ്രോജക്ട് (കെംപ്) പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ആയത് വിശദമാക്കുമോ ;

(സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>ആരോഗ്യ വകുപ്പിനു കീഴിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ</u>**

676 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് നിർമ്മിച്ചിട്ടുള്ളതും ഉപയോഗിക്കാതെ അനാഥമായി കിടക്കുന്നതുമായ കെട്ടിടങ്ങളുടെ വിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ;**

(ബി) **ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതെന്നും പ്രസ്തുത കെട്ടിടങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യങ്ങളും വെളിപ്പെടുത്തുമോ;**

(സി) **ഈ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ച കാലയളവും നിർമ്മാണത്തിന് ചെലവായ തുകയും പ്രത്യേകമായി വെളിപ്പെടുത്തുമോ?**

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**സ്വകാര്യമേഖലയിലെ നേഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ**

677 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി
,, കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ ജോലി ചെയ്യുന്ന നേഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ് ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുവരെ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടത്; എന്തൊക്കെ നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നേഴ്സുമാർക്ക് മിനിമം ശമ്പളം, മാന്യമായ സേവന-വേതനവ്യവസ്ഥ എന്നിവ ഉറപ്പാക്കാൻ നിയമനിർമ്മാണം നടത്തുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് സർക്കാർ അനുവദിച്ച് നൽകിയ വിഹിതങ്ങൾ**

**678 ശ്രീ. പി. കെ. ബഷീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾക്ക് വൈദ്യുതി ചാർജ്, വെള്ളക്കരം മുതലായവയ്ക്ക് സർക്കാർ അനുവദിച്ച് നൽകിയ വിഹിതങ്ങൾ ആരോഗ്യ പ്രവർത്തകൻമാർക്ക് ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഉടനടി ആരോഗ്യപ്രവർത്തകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ബ്ലോക്ക് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ കീഴിലുള്ളതായ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിൽ, ആഫീസ് ഭാഗത്തേക്കും, താമസഭാഗത്തേക്കും പ്രത്യേകം പ്രത്യേകം വൈദ്യുതി മീറ്ററുകൾ വെയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**കാസർകോട് ജില്ലാ ആശുപത്രിയിൽ കാൻസർ ചികിത്സാ സൗകര്യം**

679 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ ആശുപത്രികളിലാണ് ക്യാൻസർ ചികിത്സാസൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;**

(ബി) **കാസർകോട് ജില്ലാ ആശുപത്രിയിൽ ക്യാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?**

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**മെഡിക്കൽ കോളേജുകളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ടെക്നിക്കൽ വിഭാഗത്തിലുള്ളവരുടെ ഒഴിവുകൾ**

680 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ആവശ്യത്തിന് ഡോക്ടർമാർ, ടെക്നീഷ്യൻമാർ, നേഴ്സുമാർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ മെഡിക്കൽ കോളേജുകളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഡോക്ടർമാരുടേയും, നേഴ്സുമാരുടേയും, റേഡിയോഗ്രാഫർ, എക്സ്റേ ടെക്നീഷ്യൻ, തുടങ്ങിയ ടെക്നിക്കൽ വിഭാഗത്തിൽപ്പെട്ടവരുടെ ഒഴിവുകൾ എത്രയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇനിയും റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ തുടങ്ങി റിപ്പോർട്ട് ചെയ്യിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**സ്വകാര്യ ആശുപത്രിയിൽ ചികിത്സതേടുന്ന സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്**

681 **ശ്രീമതി കെ.കെ. ലതിക**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തിര ഘട്ടങ്ങളിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്വകാര്യ ആശുപത്രികളിൽ ചികിത്സതേടുന്ന സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ് ;

(ബി) ഇതു സംബന്ധമായ സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**<u>മെഡിക്കല്‍ സര്‍വ്വകലാശാലയുടെ കീഴില്‍ ഫിസിയോ തെറാപ്പി സ്കൂള്‍</u>**

**682 ശ്രീ. കെ. രാജു**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) മെഡിക്കല്‍ സര്‍വ്വകലാശാലയുടെ കീഴില്‍ നിലവില്‍ ഏതെങ്കിലും ഫിസിയോതെറാപ്പി സ്കൂള്‍ പ്രവര്‍ത്തിക്കുന്നുണ്ടോ; ഇല്ലെങ്കില്‍ അവ തുടങ്ങുവാന്‍ നടപടികള്‍ സ്വീകരിക്കുമോ ;

(ബി) സര്‍ക്കാര്‍ മെഡിക്കല്‍ കോളേജുകളിലെ വിവിധ സ്പെഷ്യാലിറ്റി ഡിപ്പാര്‍ട്ടുമെന്‍റുകളില്‍ ആവശ്യമായ ഫിസിയോ തെറാപ്പി യൂണിറ്റുകള്‍ ആരംഭിക്കുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**സിനിതയുടെ ആശ്രിത നിയമനം**

683 **ശ്രീമതി പി. അയിഷാ പോറ്റി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആശ്രിത നിയമനത്തിനായുള്ള സിനിത എൻ.എസ് ന്റെ അപേക്ഷയിന്മേൽ ആരോഗ്യ വകുപ്പ് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷ ആരോഗ്യ വകുപ്പിന്റെ പരിഗണനയിൽ വന്നത് എന്നാണ് ;

(സി) നിലവിലുള്ള സ്ഥിതി പ്രകാരം സിനിതയ്ക്ക് ആശ്രിത നിയമനത്തിനുള്ള ഉത്തരവ് ലഭിക്കാൻ എന്തെല്ലാം നടപടിക്രമങ്ങൾ അവശേഷിക്കുന്നു;

(ഡി) നിർധന കുടുംബാംഗമായ സിനിതയ്ക്ക് ആശ്രിതനിയമനം നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള അടിസ്ഥാന യോഗ്യത**

684 **ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിലെ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള അടിസ്ഥാന യോഗ്യത വി. എച്ച്. എസ്. ഇ. നടത്തുന്ന ഡൊമസ്റ്റിക് നഴ്സിംഗ് കോഴ്സായി അംഗീകരിക്കണമെന്നാവശ്യപ്പെട്ട് കോഴിക്കോട് അത്തോളി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കുട്ടികൾ സമർപ്പിച്ച നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികകളിൽ നിയമനം**

685 **ശ്രീ. എ. കെ. ശശീന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികകളിൽ ആകെ എത്ര ഒഴിവുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ലാബ് ടെക്നീഷ്യൻ നിയമനത്തിന് പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ;

(ഡി) ഇല്ലെങ്കിൽ ടെസ്റ്റ് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജ് സൗന്ദര്യവത്ക്കരണം**

686 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വണ്ടാനം മെഡിക്കൽ കോളേജിന്റെ സൗന്ദര്യവത്ക്കരണ പ്രവർത്തനങ്ങൾ പൂർത്തിയായോ; ഇല്ലെങ്കിൽ എന്താണ് തടസ്സം എന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ അടങ്കൽ തുക എത്ര; ഈ പ്രവൃത്തിയുടെ കരാർ ആരാണ് ഏറ്റെടുത്തിട്ടുള്ളത്; കരാർ പ്രകാരം എന്നാണ് പണി പൂർത്തീകരിക്കേണ്ടത്; വിശദമാക്കുമോ;

(സി) കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അന്വേഷിച്ച് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**കോഴിക്കോട് മെഡിക്കൽ കോളേജ് അടിസ്ഥാന സൗകര്യ വികസനം**

687 **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ ബി.എസ്.സി മെഡിക്കൽ ലബോറട്ടറി ടെക്നീഷ്യൻ കോഴ്സിന്, കേരള പാരാമെഡിക്കൽ കൗൺസിൽ നിർദ്ദേശിക്കുന്ന തരത്തിൽ യാതൊരുവിധ അടിസ്ഥാന സൗകര്യങ്ങളും ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കോഴ്സിന് അദ്ധ്യാപക, അനദ്ധ്യാപക തസ്തികകളിലായി എത്ര ജീവനക്കാരുണ്ടെന്ന് പേര് സഹിതം വ്യക്തമാക്കുമോ;

(ഡി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ എത്രയും പെട്ടെന്ന് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ഹൃദ്രോഗംമൂലമുള്ള മരണങ്ങൾക്ക് പോസ്റ്റ്മോർട്ടം ഒഴിവാക്കാൻ നടപടി**

688 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഹൃദ്രോഗം പോലുള്ള രോഗങ്ങൾ മൂലം ആശുപത്രിയിലേയ്ക്കുള്ള യാത്രാമദ്ധ്യേ ആകസ്മിക മരണം സംഭവിച്ച് ആശുപത്രികളിൽ കൊണ്ടുവരുന്ന മൃതദേഹങ്ങൾ പോസ്റ്റ് മോർട്ടത്തിനുശേഷമേ വിട്ടുനല്കുകയുള്ളൂ എന്ന നിലവിലെ രീതിമൂലം ബന്ധുക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബന്ധുജനങ്ങളും, ജനപ്രതിനിധികളും രേഖാമൂലം ഉറപ്പുനല്കിയാൽപോലും ഇത്തരം കേസ്സുകളിൽ പോസ്റ്റ് മോർട്ടം ഒഴിവാക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) പ്രസ്തുത രോഗങ്ങൾക്ക് ചികിൽസിച്ചതിന്റെ രേഖകളും രക്തബന്ധുക്കളുടെയും, ഒപ്പം പരിസരത്തെ മാന്യവ്യക്തികളോ ജനപ്രതിനിധികളോ രേഖാമൂലം സത്യപ്രസ്താവന നല്കുന്ന സാഹചര്യത്തിൽ അത്തരം കേസ്സുകളിൽ പോസ്റ്റ് മോർട്ടം ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**കുന്നംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം**

689 **ശ്രീ. ബാബു. എം. പാലിശ്ശേരി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ എവിടെയെല്ലാം ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്;

(ബി) എല്ലാ ജില്ലാ-താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് സൗകര്യം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(സി) കുന്നംകുളം ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്**

690 **ശ്രീ. ജി. സുധാകരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനായി ഏറ്റെടുത്തിട്ടുള്ള സ്ഥലത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്നതിന് കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനായി കേന്ദ്ര സർക്കാർ എന്തു തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**കോഴിക്കോട് മെഡിക്കൽ കോളേജിൽ ഓങ്കോളജി വിഭാഗം**

691 **ശ്രീ. വി.എം. ഉമ്മർമാസ്റ്റർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ കാൻസർ ചികിത്സാ കേന്ദ്രം ഇല്ലാത്തതിനാൽ രോഗികൾക്കുണ്ടാവുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജിൽ ആധുനിക സൗകര്യങ്ങളോട് കൂടി ഓങ്കോളജി ഡിപ്പാർട്ട്മെന്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എപ്പോൾ പ്രവർത്തനം തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം കണ്ണൂരിൽ ഹോമിയോ ഡോക്ടർ നിയമനം</u>**

692

**ശ്രീ. ജെയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര ഹോമിയോ ഡോക്ടർമാർ ജോലി ചെയ്യുന്നുണ്ട്;

(ബി) ഹോമിയോ ഡോക്ടർമാരെ നിയമിക്കുന്നതിനായി ഈ വർഷം എൻ.ആർ.എച്ച്.എം. ഇന്റർവ്യൂ നടത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്നും ഇന്റർവ്യൂ എന്ന് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**കണ്ണൂർ ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെ കുറവ്**

693 **ശ്രീ.എ. പി.അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ ആധുനിക പരിശോധന സംവിധാനങ്ങൾ കൂടുതലായി എത്തിയപ്പോൾ ആവശ്യത്തിന് ഡോക്ടർമാരില്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശസ്ത്രക്രിയ, മെഡിക്കൽ, അസ്ഥിരോഗ വിഭാഗങ്ങളിലായി ജോലിചെയ്യുന്ന ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>പൂക്കോട് പ്രാഥമികാരോഗ്യ - കേന്ദ്രത്തിൽ കിടത്തി ചികിത്സ</u>**

**694 ശ്രീ. കെ.വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നഗരസഭയിൽ ഉൾപ്പെടുന്ന പൂക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കിടത്തി ചികിത്സ നടത്തുന്നതിന് കെട്ടിട സൗകര്യം ഉണ്ടെന്ന കാര്യം ശ്രദ്ധയിലുണ്ടോ;

(സി) പൂക്കോട് പ്രദേശത്തെ ജനങ്ങളുടെ പ്രസ്തുത ആവശ്യം അംഗീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**കണ്ണൂർ ജില്ലാ ആശുപത്രിയുടെ സ്ഥലപരിമിതി**

695 **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **കണ്ണൂർ ജില്ലാ ആശുപത്രിയിൽ സ്ഥലപരിമിതി മൂലം രോഗികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **ഏകദേശം അഞ്ച് ഏക്കറോളം സ്ഥലം ജില്ലാ ആശുപത്രിക്ക് സ്വന്തമായിട്ട് ഉള്ളതുകൊണ്ട് ആധുനിക രീതിയിലുള്ള ഒരു പത്തുനില കെട്ടിടം പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?**

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**കല്ല്യാശ്ശേരി ആരോഗ്യ കേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ ഒഴിവുകൾ**

696 **ശ്രീ. റ്റി. വി. രാജേഷ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പി.എച്ച്.സി/സി.എച്ച്.സി.കളിൽ ഡോക്ടർമാരുടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുളളത് എവിടെയൊക്കെയാണ്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**കാസർഗോഡ് ജില്ലയിലെ ആശുപത്രികളിലെ ഒഴിവുകൾ നികത്താൻ നടപടി**

697 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ ആശുപത്രികളിൽ ആയുർവ്വേദ, ഹോമിയോ, അലോപ്പതി മേഖലകളിലായി എത്ര ജീവനക്കാരുടെ ഒഴിവുകൾ ഉണ്ടെന്നും ഈ ഒഴിവുകൾ എപ്പോൾ നിലവിൽ വന്നിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ എന്ന് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**കണ്ണൂര്‍ ജില്ലാ ആയുര്‍വേദ ആശുപത്രി**

698 **ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ ജില്ലാ ആയുര്‍വേദ ആശുപത്രിയില്‍ പ്രാഥമിക സൗകര്യങ്ങള്‍ ഉള്‍പ്പെടെയുള്ളവയുടെ അപര്യാപ്തത മൂലം രോഗികള്‍ക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകള്‍ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലാ ആയുര്‍വേദ ആശുപത്രിക്ക് സ്വന്തമായിട്ട് സ്ഥലം ഉള്ളതുകൊണ്ട് ആധുനിക രീതിയിലുള്ള ഒരു അഞ്ചുനില കെട്ടിടം പണിയുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ മുഖേന വാങ്ങുന്ന മരുന്നുകളുടെ വിശദാംശം**

699 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയില്‍ വിവിധ സര്‍ക്കാര്‍ ആശുപത്രികളിലായി എത്ര ഡോക്ടര്‍മാരുടെ ഒഴിവുകളുണ്ട്; മഴക്കാല രോഗങ്ങളെ ചെറുക്കുന്നതിനായി പ്രസ്തുത ഒഴിവുകളില്‍ ഡോക്ടര്‍മാരെ നിയമിക്കുമോ; ഇല്ലെങ്കില്‍ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ ആശുപത്രികളിലും സി.എച്ച്.സി, പി.എച്ച്.സികളിലും മരുന്നിന്റെ ദൗര്‍ലഭ്യം ഉള്ളതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തില്‍ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

(സി) 2011 മേയ് മുതല്‍ മെഡിക്കല്‍ സര്‍വ്വീസ് കോര്‍പ്പറേഷന്‍ മുഖേന എത്ര രൂപയ്ക്ക് മരുന്ന് വാങ്ങിയെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും ജില്ല തിരിച്ച് മരുന്ന് വിതരണം ചെയ്തതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**കൊല്ലത്ത് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സംഭരണശാല**

700 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ നെടുങ്ങോലം ഗവൺമെന്റ് രാമറാവു മെമ്മോറിയൽ താലൂക്ക് ആശുപത്രി കോമ്പൗണ്ടിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സംഭരണശാല നിർമ്മിക്കുന്ന കാര്യം വകുപ്പ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഭരണശാല നിർമ്മിക്കുന്നതിലേക്ക് എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും സംഭരണശാലയിൽ എന്തെല്ലാം നിർമ്മാണപ്രവർത്തനങ്ങളും ആധുനിക സംവിധനങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുളളതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത മരുന്ന് സംഭരണശാല നിർമ്മാണം ആരംഭിക്കുന്നതിലേക്കായി എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രി**

701 ശ്രീ. കെ. ദാസന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഡിസ്ട്രിക്റ്റ് ഇന്നവേഷന്‍ ഫണ്ട് ഉപയോഗിച്ച് കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ നടപ്പിലാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികള്‍ ഏതെല്ലാമെന്ന് വിശദമാക്കാമോ ; ഈ പദ്ധതികള്‍ നടപ്പിലാക്കുന്ന നടപടികള്‍ ഇപ്പോള്‍ ഏത് ഘട്ടത്തിലാണ് എന്നും ; എപ്പോള്‍ പ്രവര്‍ത്തനസജ്ജമാകും എന്നും അറിയിക്കാമോ ;

(ബി) കൊയിലാണ്ടി താലൂക്ക് ഹേഡ്ക്വാര്‍ട്ടേഴ്സ് ആശുപത്രി ജനറല്‍ ഹോസ്പിറ്റല്‍ പദവിയിലേക്ക് ഉയര്‍ത്താന്‍ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**പെരിങ്ങോം താലൂക്ക് ആശുപത്രി**

702 **ശ്രീ. സി. കൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ മലയോര മേഖലയിലെ പ്രധാന സർക്കാർ ചികിത്സാ കേന്ദ്രമായ പെരിങ്ങോം സി. എച്ച്. സി.യെ താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്തിട്ടും ഇവിടേയ്ക്ക് ആവശ്യമായ തസ്തികകളോ, മരുന്നോ ലഭ്യമാക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആശുപത്രിയിൽ ഇവ എന്ന് സജ്ജമാകുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**പൊന്നാനി താലൂക്ക് ജി. എച്ച്. ക്യൂ. ആശുപത്രി**

703 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും**
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി താലൂക്ക് ജി. എച്ച്. ക്യൂ. ആശുപത്രിയിൽ ജനറൽ മെഡിസിൻ-ജൂനിയർ കൺസൾട്ടന്റ് ഇല്ലാത്തതുമൂലം തീരദേശമേഖലയിലെ ആളുകൾ പ്രയാസപ്പെടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കൺസൾട്ടന്റ് തസ്തികയിൽ ഡോക്ടറെ നിയമിക്കാനും, ജൂനിയർ കൺസൾട്ടന്റ് തസ്തിക സൃഷ്ടിക്കുന്നതിനോ, പീഡിയാട്രിക്സ് വിഭാഗത്തിൽ നിലവിലുള്ള 3 ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ഒരെണ്ണം ജനറൽ മെഡിസിൻ ജൂനിയർ കൺസൾട്ടന്റ് തസ്തികയാക്കി മാറ്റുന്നതിനോ ഉള്ള അടിയന്തിര നടപടി സ്വീകരിക്കാമോ;

(സി) താലൂക്ക് ആശുപത്രിയോട് ചേർന്ന് നീതി മെഡിക്കൽ സ്റ്റോർ തുടങ്ങുന്നതിന് നടപടി സീകരിക്കുമോയെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**കാസർഗോഡ് ജനറൽ ആശുപത്രിയിലെ ലിഫ്റ്റ് തകരാർ**

704 **ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രിയിലെ ലിഫ്റ്റ് എത്ര തുകയ്ക്കാണ് സ്ഥാപിച്ചിട്ടുള്ളത്;

(ബി) ഈ ലിഫ്റ്റ് ഇടയ്ക്കിടെ തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനുള്ള അടിസ്ഥാന കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) ലിഫ്റ്റ് ഇടയ്ക്കിടെ തകരാറിലാകുന്നത് മൂലം രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**നാദാപുരം ആശുപത്രികളിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി**

705 **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം താലൂക്ക് ഗവൺമെന്റ് ആശുപത്രിയിലെ ഐ.പി, ഒ.പി വിഭാഗങ്ങളിലായി മാസത്തിൽ എത്ര പേർ വീതം ചികിത്സ തേടി എത്തുന്നുണ്ട്;

(ബി) നാദാപുരം ഗവൺമെന്റ് താലൂക്ക് ആശുപത്രി പി.എച്ച്.സി, സി.എച്ച്.സി എന്നിവിടങ്ങളിൽ നിലവിൽ ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>മാറഞ്ചേരി സി.എച്ച്.സി.</u>

706 **ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ മാറഞ്ചേരി സി.എച്ച്.സി. കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കാമോ;

(ബി) കെട്ടിടത്തിന്റെ ആകെ മതിപ്പു ചെലവെത്രയാണ്;

(സി) പ്ലാൻ, എസ്റ്റിമേറ്റ് എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) മാറഞ്ചേരി സി.എച്ച്.സി.യിൽ ഒഴിവുള്ള ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ മഴക്കാല ജന്യരോഗങ്ങൾ ശക്തമാകുന്നതിന് മുൻപ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) മഴക്കാല പൂർവ്വ ശുചീകരണവും, രോഗ പ്രതിരോധ നടപടികളും കൃത്യമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി**

**707** **ശ്രീ. കെ. ദാസൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ശസ്ത്രക്രിയ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സർജറികളാണ് നടക്കുന്നത്; വിശദമാക്കുമോ;

(ബി) ഓർത്തോ വിഭാഗം സർജറിയ്ക്ക് ഇവിടെ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമായിട്ടുളളത് എന്നത് വ്യക്തമാക്കാമോ;

(സി) ശസ്ത്രക്രിയാനന്തരം രോഗികളെ ശുശ്രൂഷിക്കുന്നതിന് എല്ലാ വിഭാഗത്തിലും പോസ്റ്റ്സർജറി വാർഡുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അത്തരം സേവനങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

**കുറ്റിപ്പുറം സി. എച്ച്. സി. താലൂക്ക് ആശുപത്രിയായി ഉയർത്തൽ**

708 **ഡോ. കെ. ടി. ജലീൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവു വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം സി. എച്ച്. സി. താലൂക്ക് ആശുപത്രിയാക്കി ഉയർത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ടോ;;

(ബി) ഉണ്ടെങ്കിൽ ഏതു തീയതിക്കാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത്;

(സി) പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഉത്തരവിന്റെ അടിസ്ഥാനത്തിൽ താലൂക്ക് ആശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ കുറ്റിപ്പുറം സർക്കാർ ആശുപത്രിക്കും ബാധകമാക്കിക്കൊണ്ട് സർക്കാർ ഉത്തരവോ വകുപ്പ് മേധാവിയുടെ സർക്കുലറോ ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ചൂളിയാട് കടവിൽ ആരോഗ്യ സബ്ബ് സെന്റർ</u>

709 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി
സദയം മറുപടി നൽകുമോ:

തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ മലപ്പട്ടം പഞ്ചായത്തിൽപ്പെടുന്ന ചൂളിയാട് കടവിൽ ആരോഗ്യ വകുപ്പിന്റെ സബ്ബ് സെന്റർ അനുവദിക്കുന്നതിലേയ്ക്കായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പദവി ഉയർത്തുന്നതിന് നടപടി</u>**

710 **ശ്രീ. പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ പദവി ഉയർത്തുന്നതു സംബന്ധിച്ച ജില്ലാ മെഡിക്കൽ ഓഫീസറുടെ ശുപാർശ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നടപടികളുടെ പുരോഗതി വിശദീകരിക്കുമോ ?

## കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ധര്‍മ്മടം നിയോജക മണ്ഡലത്തിലെ സി.എച്ച്.സി കളിലേയും പി.എച്ച്.സി കളിലെയും ഒഴിവുകള്‍**

**711 ശ്രീ. കെ.കെ. നാരായണന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ധര്‍മ്മടം നിയോജക മണ്ഡലത്തിലെ സി.എച്ച്.സികളിലും പി.എച്ച്.സി കളിലുമായി എത്ര ഡോക്ടര്‍മാരുടെ ഒഴിവുകള്‍ ഉണ്ട്; ഇത് എവിടെയെല്ലാം എത്ര വീതമാണെന്ന് വിശദമാക്കുമോ;

(ബി) ഒഴിവുകള്‍ നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുന്നത്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**തൃക്കരിപ്പൂർ, നീലേശ്വരം താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ**

712 **ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ, നീലേശ്വരം താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ ഉൾപ്പെടെ കിടത്തി ചികിത്സ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ഐ. പി. ചികിത്സ കാര്യക്ഷമമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പനത്തടി സി. എച്ച്. സി.യിൽ ഓപ്പറേഷൻ തീയറ്റർ</u>

713 **ശ്രീ. ഇ. ചന്ദ്രശേഖരൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ പനത്തടി സി. എച്ച്. സി. യിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിൽ ഓപ്പറേഷൻ തീയറ്റർ നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് പ്രവർത്തിക്കുന്നുണ്ടോ എന്നും പ്രവർത്തിക്കുന്നില്ലെങ്കിൽ എന്തുകൊണ്ടാണെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ചാവക്കാട് താലൂക്ക് ഹെഡ് ക്വാര്‍ട്ടേഴ്സ് ആശുപത്രിയിലെ സ്റ്റാഫ് പാറ്റേണ്‍**

714 **ശ്രീ. കെ.വി. അബ്ദുള്‍ ഖാദര്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ചാവക്കാട് താലൂക്ക് ഹെഡ് ക്വാര്‍ട്ടേഴ്സ് ആശുപത്രിയില്‍ നേഴ്സുമാരുടെ അപര്യാപ്തതമൂലം രോഗികള്‍ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളില്‍ വന്ന പുരോഗതിക്കനുസൃതമായും രോഗികളുടെ വര്‍ദ്ധനവിനനുസരിച്ചും സ്റ്റാഫ് പാറ്റേണ്‍ പുന:ക്രമീകരിക്കുമോ;

(ഡി) ഡോക്ടര്‍മാരുടെ എണ്ണം വര്‍ദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ചാലക്കുടി താലൂക്ക് ആശുപത്രിയുടെ പ്രവര്‍ത്തനം**

715 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയില്‍ ഉത്ഘാടനം ചെയ്ത കാഷ്വാലിറ്റി - ഓപ്പറേഷന്‍ തീയ്യറ്ററുകളില്‍ ആവശ്യമായ ഉപകരണങ്ങളും ഫര്‍ണിച്ചറുകളും ലഭ്യമല്ലാത്തതുമൂലം പ്രവര്‍ത്തനം ആരംഭിച്ചിട്ടില്ലാത്തത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇവ ലഭ്യമാക്കുവാന്‍ അടിയന്തിര നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും അഭാവം**

716 **ശ്രീ. എസ്. ശർമ്മ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും അഭാവം മൂലം സാധാരണക്കാർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് തടസ്സം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരം അവസ്ഥാവിശേഷം നേരിടുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) വൈപ്പിൻ മണ്ഡലത്തിലെ ഓരോ സർക്കാർ ആശുപത്രികളിലെയും പ്രൈമറി ഹെൽത്ത് സെന്ററുകളിലെയും ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഒഴിവുള്ള തസ്തികകളിലെ നിയമനം എന്നത്തേക്ക് നികത്താനാകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>താനൂർ സി. എച്ച്. സി.</u>

717 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സി. എച്ച്.സി കളിൽ സ്പെഷലൈസ്ഡ് വിഭാഗം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മത്സ്യ തൊഴിലാളികൾ, ഗർഭിണികൾ, കുട്ടികൾ അടക്കമുള്ള പാവപ്പെട്ട ജനവിഭാഗം ആശ്രയിക്കുന്ന ആതുരാലയമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എല്ലാ ഭൗതിക സാഹചര്യങ്ങളുമുള്ള താനൂർ സി. എച്ച്. സിയിൽ ഗൈനക്കോളജി, ശിശുരോഗ വിഭാഗം എന്നിവയ്ക്ക് സ്പെഷലൈസ്ഡ് ഡോക്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കോടഞ്ചേരി പി.എച്ച്.സി</u>

718 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി നിയോജക മണ്ഡലത്തിലെ കോടഞ്ചേരി പി.എച്ച്.സി-യിൽ നിലവിൽ എന്തൊക്കെ സൗകര്യങ്ങളാണുള്ളതെന്ന് പറയാമോ;

(ബി) കിടത്തി ചികിത്സ ഉൾപ്പടെയുള്ള എന്തൊക്കെ ഭൗതിക സാഹചര്യങ്ങളാണ് അവിടെ ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കോടഞ്ചേരി പി.എച്ച്.സി-യെ സി.എച്ച്.സി ആയി ഉയർത്തണമെന്ന ആവശ്യത്തിൻമേൽ എന്തൊക്ക നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) മലയോര കുടിയേറ്റ-ആദിവാസി മേഖലയിലെ ജനങ്ങൾക്കുള്ള ഏക ആശ്രയമാണിതെന്ന് കണക്കിലെടുത്ത് കിടത്തി ചികിത്സ അടിയന്തിരമായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**നാദാപുരം മണ്ഡലത്തിലെ ആയുർവേദ ഹോമിയോ ഡിസ്പെൻസറികളിലെ ഒഴിവുകൾ**

719 **ശ്രീ. ഇ.കെ. വിജയൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ഗവൺമെന്റ് ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ എവിടെയാണ് പ്രവർത്തിക്കുന്നത് എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആശുപത്രികളിൽ നിലവിൽ എത്ര ഡോക്ടർമാരുടേയും, സ്റ്റാഫിന്റേയും, ഒഴിവുകൾ ഉണ്ട് ;

(സി) ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ചേലക്കര താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനം**

**720 ശ്രീ. കെ. രാധാകൃഷ്ണൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ചേലക്കര സി.എച്ച്.സി., താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലേക്ക് ഉയർത്തിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) താലൂക്ക് നിലവാരത്തിലേയ്ക്ക് ഉയർത്തിയ ആശുപത്രികൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരെയും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ആലത്തൂർ താലൂക്ക് ആശുപത്രിയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി**

721 **ശ്രീ. എം. ചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്ക് ആശുപത്രിയിൽ ആവശ്യത്തിനു ഡോക്ടർമാരില്ലാത്തതിനാൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഒഴിവുകൾ എന്ന് നികത്തുവാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**നാട്ടിക നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

722 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ ആരോഗ്യകേന്ദ്രങ്ങളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ ;

(ബി) നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം</u>

723 ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ കട്ടിപ്പാറ ഗ്രാമ പഞ്ചായത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രം ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടത്തെ ജനങ്ങളുടെ പ്രയാസം പരിഹരിക്കുന്നതിന് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**സി. എച്ച്. സി. കളെ ഫസ്റ്റ് റഫറൽ യൂണിറ്റുകളാക്കാൻ നടപടി**

**724 ശ്രീമതി ഗീതാ ഗോപി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സി. എച്ച. സി. കളെ ഫസ്റ്റ് റഫറൽ യൂണിറ്റുകളാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ തൃശൂർ ജില്ലയിലെ ഏതെല്ലാം സി. എച്ച്. സി. കളെയാണ് പ്രസ്തുത യൂണിറ്റുകൾ ആക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>നാട്ടിക മണ്ഡലത്തിലെ ആശുപത്രികള്‍ക്ക് വാഹന സൗകര്യം</u>

725 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) നാട്ടിക മണ്ഡലത്തിലെ ഏതെങ്കിലും സര്‍ക്കാര്‍ ആശുപത്രികള്‍ക്ക് സ്വന്തമായി വാഹനമുള്ളതായി വെളിപ്പെടുത്താമോ;

(ബി) വാഹനങ്ങളില്ലാത്ത ആശുപത്രികളില്‍ പുതുതായി വാഹനങ്ങള്‍ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ബലരാമൻ കമ്മിറ്റി റിപ്പോർട്ട്</u>

726 ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സ്വാകര്യ ആശുപത്രി നഴ്സുമാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കണമെന്നു ശുപാർശ ചെയ്യുന്ന ബലരാമൻ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകിയോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ പ്രധാനമായും ശുപാർശ ചെയ്യുന്ന വ്യവസ്ഥകൾ എന്തൊക്കെയാണ് ;

(സി) ബലരാമൻ കമ്മിറ്റി റിപ്പോർട്ട് എന്നു മുതൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) അടിയന്തിരമായി പ്രസ്തുത റിപ്പോർട്ട് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;
വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**ജൂനിയര്‍ പബ്ലിക് ഹെല്‍ത്ത് നഴ്സുമാരുടെ റേഷ്യോയില്‍ വരുത്തിയ മാറ്റം**

727 **ശ്രീ. എന്‍.എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ഗ്രേഡ്I, ഗ്രേഡ്II ജൂനിയര്‍ പബ്ലിക് ഹെല്‍ത്ത് നഴ്സുമാരുടെ റേഷ്യോയില്‍ വരുത്തിയ മാറ്റം മൂലം, എന്‍ട്രികേഡറില്‍ തസ്തിക നഷ്ടം ഉണ്ടായിട്ടുണ്ടോ, എങ്കില്‍ അതിന്റെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) തസ്തിക നഷ്ടം ഉണ്ടായിട്ടുണ്ടെങ്കില്‍ ജൂനിയര്‍ ഹെല്‍ത്ത് ഇന്‍സ്പെക്ടര്‍ ഗ്രേഡ്കന്റെ തസ്തിക നഷ്ടം പരിഹരിച്ചു നല്കിയ പ്രകാരം(ജെ.പി.എച്ച്.എന്‍.)-ന്റെ അധിക തസ്തികകള്‍ സൃഷ്ടിച്ച്, അവ പി.എസ്.സി മുഖേന നികത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് 2012 മാർച്ച് 31-ന് വിരമിക്കേണ്ടിയിരുന്നവരുടെ എണ്ണം**

**728 ശ്രീ. കെ. എം. ഷാജി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തസ്തികയിലും അതിന്റെ സൂപ്പർവൈസറി തസ്തികകളിലും നിന്ന് 2012 മാർച്ച് 31-ന് വിരമിക്കേണ്ടിയിരുന്നവരുടെ എണ്ണം എത്രയാണെന്നും അതിനനുസരണമായി സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്-ന്റെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനായി എത്ര ഒഴിവുകൾ തിരുവനന്തപുരം ഡി.എം.ഒ ഡി.എച്ച്.എസ്-ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; അതനുസരിച്ച് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; എങ്കിൽ ഡി.എം.ഒ യുടെ പ്രൊപ്പോസലിന്റേയും ഉത്തരവിന്റേയും പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇനിയും പ്രസ്തുത തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കാനുണ്ടോ; എങ്കിൽ അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് നല്കാമോ;

(ഡി) തസ്തിക സൃഷ്ടിച്ചുകൊണ്ട് ഇഎച്ച്1/53905/2011 എന്ന നമ്പരിൽ ഡി.എച്ച്.എസ് പുറപ്പെടുവിച്ച ഉത്തരവിൽ ഒരേ പേരുകൾ ഒന്നിൽ കൂടുതൽ തവണ ഉൾപ്പെടുത്തിയതിന്റെ കാരണം വിശദമാക്കാമോ; ആയത് പുന:പരിശോധിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ശ്രീമതി. ഇ. മാതിയ്ക്ക് ഫാമിലി പെൻഷൻ അനുവദിക്കാൻ നടപടി**

729 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 30.9.2000ൽ സർവ്വീസിൽ നിന്ന് വിരമിക്കുകയും 13-10-2009-ന് മരണമടയുകയും ചെയ്ത പഴയങ്ങാടി സി. എച്ച്. സി. യിലെ നേഴ്സിംഗ് അസിസ്റ്റന്റായിരുന്ന ശ്രീമതി ഇ. നാരായണിയുടെ അമ്മ ഇ. മാതിയുടെ ഫാമിലി പെൻഷന് വേണ്ടിയുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) 87 വയസ്സ് കഴിഞ്ഞ വാർദ്ധക്യ സഹജമായ അസുഖത്താൽ വിഷമിക്കുന്ന ശ്രീമതി ഇ. മാതിക്ക് ഫാമിലി പെൻഷൻ എത്രയും പെട്ടെന്ന് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 13.06.2012-ലെ മറുപടിക്ക്

## തിരുവനന്തപുരം ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ

730 **ശ്രീ. മോൻസ് ജോസഫ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-II തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ ഈ വർഷം എത്ര റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ജെ.പി.എച്ച്.എൻ തസ്തികയിലെ ഒഴിവുകൾ ഏതൊക്കെ സെന്ററുകളിലാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) എൻ.ജെ.ഡി ഒഴിവുകൾ മുനിസിപ്പൽ കോമൺ സർവ്വീസ് ഉൾപ്പെടെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെണ്ണം?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**താലൂക്ക് ആശുപത്രികളിലേക്കും ജില്ലാ ആശുപത്രികളിലേക്കും ജീവനക്കാരുടെ പുനർവിന്യാസം**

731 **ശ്രീ. കെ.കെ. ജയചന്ദ്രൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഐ.പി. സൗകര്യം നിലവിലില്ലാത്ത പ്രാഥമികരോഗ്യ കേന്ദ്രങ്ങളിൽ ജോലി ചെയ്തു വന്നിരുന്ന സ്റ്റാഫ് നഴ്സുമാരെ, തിരക്ക് കൂടുതലായി വരുന്ന താലൂക്ക് ആശുപത്രികളിലേക്കും ജില്ലാ ആശുപത്രികളിലേക്കും പുനർവിന്യസിച്ച് നൽകിയിട്ടുണ്ടോ ;

(ബി) ഇപ്രകാരം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നും ഒന്നോ രണ്ടോ സ്റ്റാഫ് നഴ്സുമാർ ഒഴികെയുള്ളവരെ പുനർവിന്യസിച്ചു നൽകിയിട്ടും ഹെഡ് നഴ്സുമാരെ ഇവിടെ നിലനിർത്തിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഐ.പി. സൗകര്യം ഇല്ലാത്ത ഇവിടെ നിന്നും തിരക്കുള്ള താലൂക്ക് ആശുപത്രികളിലേക്കും ഹെഡ് നഴ്സുമാരെയും പുനർവിന്യസിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇത്തരം ആരോഗ്യകേന്ദ്രങ്ങളിൽ ജോലിചെയ്യുന്ന നഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡർ എന്നീ വിഭാഗം ജീവനക്കാരെ കൂടി പുനർവിന്യസിച്ചു നൽകുന്ന കാര്യം പരിഗണിയ്ക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>ഡോക്ടർമാരുടെ സർവ്വീസ് ദീർഘിപ്പിക്കൽ</u>

732 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2012 മേയ് 31-ാം തീയതി സർവ്വീസിൽ നിന്നും വിരമിക്കേണ്ടിയിരുന്ന സർക്കാർ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സർവ്വീസ് മൂന്ന് മാസത്തേക്ക് കൂടി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ; സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സർവ്വീസ് വർദ്ധിപ്പിക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(ബി) പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെയും മറ്റ് ആരോഗ്യകേന്ദ്രങ്ങളിലെയും സ്പെഷ്യലിസ്റ്റ് വിഭാഗത്തിൽപ്പെടാത്ത ഡോക്ടർമാരുടെ സർവ്വീസ് ഇപ്രകാരം മൂന്ന് മാസം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്;

(സി) മഴക്കാലജന്യ രോഗങ്ങൾ ഭീഷണിയായി നിലനിൽക്കെ ഗ്രാമപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെ സർവ്വീസ് നീട്ടി നൽകാത്തത് പൊതുജനാരോഗ്യത്തെ ഗുരുതരമായി ബാധിക്കുമെന്നതിനാൽ എല്ലാ വിഭാഗം ഡോക്ടർമാർക്കും മൂന്ന് മാസത്തെ സർവ്വീസ് വർദ്ധിപ്പിക്കൽ ആനുകൂല്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ഡോക്ടർ വിൻസെന്റിന്റെ പെൻഷൻ**

733 **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്ക് ആശുപത്രിയിൽ നിന്ന് വിരമിച്ച ഡോക്ടർ വിൻസെന്റിന്റെ പെൻഷൻ കഴിഞ്ഞ രണ്ടു വർഷമായി നൽകാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) സാങ്കേതിക നടപടിക്രമങ്ങളുടെ പേരിൽ പെൻഷൻ അനുവദിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഡോക്ടർ വിൻസെന്റിന്റെ പെൻഷൻ അടിയന്തിരമായി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**തിരുവട്ടൂർ ആയുർവ്വേദ ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടി**

**734** **ശ്രീ. ജയിംസ് മാത്യു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) **തളിപ്പറമ്പ് നിയോജക മണ്ഡലത്തിലെ തിരുവട്ടൂർ ആയുർവേദ ഡിസ്പെൻസറിയെ ആശുപത്രിയായി ഉയർത്തുന്നതിലേയ്ക്കായി നിവേദനം ലഭിച്ചിട്ടുണ്ടോ ;**

(ബി) **ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;**

(സി) **പ്രസ്തുത നടപടികൾ പൂർത്തിയാക്കി അടിയന്തിരമായി ആശുപത്രിയുടെ പ്രവർത്തനം ആരംഭിക്കുമോ ?**

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ആയുർവേദ കോളേജുകളിലെ അദ്ധ്യാപകരുടെ പ്രവൃത്തിപരിചയം**

**735 ശ്രീ. സി. കെ. നാണു**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ആയുർവ്വേദകോളേജ് പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ സർക്കാർ മേഖലയിൽ എത്ര കോളേജ് ഉണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ആയുർവ്വേദകോളേജുകളിൽ പഠിപ്പിക്കുന്ന വിവിധ വിഭാഗം അദ്ധ്യാപകർക്ക് എത്രവർഷത്തെ പ്രവൃത്തിപരിചയം ആവശ്യമുണ്ട്; വ്യക്തമാക്കുമോ;

(സി) പുതുതായി ആരംഭിച്ച ആയുർവ്വേദ കോളേജുകളിൽ ആവശ്യത്തിന് പരിചയമുള്ള അദ്ധ്യാപകരെ ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**കാസർഗോഡ് ആയുർവ്വേദ ആശുപത്രിയെ അപ്ഗ്രേഡ് ചെയ്യാൻ നടപടി**

**736 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി കാസർഗോഡ് ആയുർവ്വേദ ആശുപത്രിയെ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) ജില്ലയിലെ വിവിധ ആയുർവ്വേദ ആശുപത്രികളിൽ ദുരിത ബാധിതർക്ക് ഫലവത്തായ ചികിത്സ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ആയുർവ്വേദ ബിരുദാനന്തര കോഴ്സുകൾക്ക് പട്ടികജാതി/ പട്ടികവർഗ്ഗം, പിന്നോക്ക വിഭാഗക്കാർക്കുള്ള സംവരണം**

737 ശ്രീ. പി.റ്റി.എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവ്വേദ ബിരുദാനന്തര കോഴ്സുകൾക്ക് കേരളത്തിൽ ആകെ എത്ര സീറ്റുകളാണുള്ളത്;

(ബി) ഇതിൽ ഒ.ബി.സി.യിൽപ്പെട്ട ഓരോ വിഭാഗത്തിനും എത്ര സീറ്റാണ് സംവരണം ചെയ്തിട്ടുള്ളത്;

(സി) കുടുംബി സമുദായത്തിന് നൽകിയിരിക്കുന്ന സംവരണം ഏതുമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്;

(ഡി) മൊത്തം പട്ടികജാതി/പട്ടികവർഗ്ഗം, പിന്നോക്ക വിഭാഗക്കാർക്കുള്ള സംവരണം 50% ഉയർത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**അനധികൃത മാസാജ് സെന്ററുകൾ, മാസാജ് പാർലറുകൾ**

738 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) **തദ്ദേശീയരും വിദേശീയരുമായ ധാരാളം പേർ ആയുർവേദ ചികിത്സ തേടി കേരളത്തിലെത്തുന്നത് മനസ്സിലാക്കി മാസാജ് സെന്ററുകൾ, മാസാജ് പാർലറുകൾ എന്നീ പേരുകളിൽ സംസ്ഥാനത്ത് ആയുർവേദ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;**

(ബി) **ഇത്തരം പല സ്ഥാപനങ്ങളും മതിയായ അടിസ്ഥാന സൗകര്യങ്ങൾ, യോഗ്യരായ ചികിത്സകർ, അനുബന്ധ ജീവനക്കാർ, ഇല്ലാത്തവയാണെന്നും ഇത്തരം സ്ഥാപനങ്ങളിൽ അനാശാസ്യ പ്രവർത്തനങ്ങൾ നടന്നുവരുന്നതായ വാർത്തകളിലെ വസ്തുതകൾ പരിശോധിച്ചിട്ടുണ്ടോ?**

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ആയുർവേദ മരുന്ന് വാങ്ങുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

**739 പ്രൊഫ. സി. രവീന്ദ്രനാഥ്**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ആയുർവേദ മരുന്നുകൾ വാങ്ങുന്നതിനായി കേന്ദ്ര സർക്കാർ എത്ര തുകയാണ് സംസ്ഥാന സർക്കാരിന് അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) മരുന്ന് വാങ്ങുന്നതിന് കേന്ദ്രം ഏതെങ്കിലും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത്തരം സ്ഥാപനം വഴി കേന്ദ്രസർക്കാർ നുവദിക്കുന്ന സംഖ്യയ്ക്ക് സർക്കാരിന് ആവശ്യമായ മരുന്നുകൾ ലഭിക്കാറുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) ഇല്ലെങ്കിൽ, കേന്ദ്ര സർക്കാർ ആയുർവേദ മരുന്ന് വാങ്ങാൻ അനുവദിക്കുന്ന തുക ലാപ്സാകാതെ സർക്കാർ ഏജൻസികളെ വിപുലപ്പെടുത്തി വിദഗ്ദ്ധരായ സർക്കാർ ഡോക്ടർമാരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ശാസ്ത്രീയമായ പഠനം നടത്തി മരുന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ചാലക്കുടിയിൽ രാഘവൻ തിരുമുൽപ്പാടിന്റെ സ്മരണക്കായി ആയുർവ്വേദ ആശുപത്രി**

**740 ശ്രീ. ബി. ഡി. ദേവസ്സി**

താഴെ കാണുന്ന ചോദ്യത്തിന്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

ആയുർവ്വേദാചാര്യനായിരുന്ന പത്മഭൂഷൺ രാഘവൻ തിരുമുൽപ്പാടിന്റെ സ്മരണയ്ക്കായി ചാലക്കുടിയിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

<u>പ്രവാചക വൈദ്യം പ്രോത്സാഹിപ്പിക്കുന്നതിന് നടപടി</u>

**741 ശ്രീ. പി. റ്റി. എ. റഹീം**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പ്രവാചക വൈദ്യം എന്ന വൈദ്യശാഖയെ പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ നിവേദനത്തിൻമേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രവാചക വൈദ്യം പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**ശബരിമല മാസ്റ്റർ പ്ലാൻ**

742 ശ്രീ. ജി. സുധാകരൻ
'' കെ.കെ. ജയചന്ദ്രൻ
'' രാജു എബ്രഹാം
'' എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർപ്ലാൻ പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് നടത്താൻ നിശ്ചയിച്ചിരിക്കുന്നത്;

(ബി) ഇതിൽ ഏതൊക്കെ പ്രവൃത്തികളാണ് ഇതുവരെ പൂർത്തിയാക്കിയതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

ശ്രീമുനിയടി ഭഗവതി ക്ഷേത്രത്തിലെ കഴക നിയമനം

743 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ശ്രീമുനിയടി ഭഗവതി ക്ഷേത്രത്തിൽ കഴക നിയമനം സംബന്ധിച്ച് ശ്രീ. കെ. കെ. ഗംഗാധരക്കുറുപ്പ് സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

**ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെന്ററിന്റെ വിപുലീകരണം**

744 **ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വം മെഡിക്കൽ സെന്ററിന്റെ ഇന്നുള്ള അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതു പരിഹരിക്കാൻ ഗുരുവായൂർ ദേവസ്വത്തോട് സഹകരിച്ച് എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) തീർത്ഥാടക ലക്ഷങ്ങൾ എത്തുന്ന ഗുരുവായൂരിലെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്നതിന് ദേവസ്വം വകുപ്പ് മുൻകൈ എടുത്ത് എന്ത് നടപടി സ്വീകരിക്കുമെന്നറിയിക്കുമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**പന്തല്ലൂർ ക്ഷേത്ര ഭൂമിയുടെ കൈവശാവകാശം മലബാർ ദേവസ്വം ബോർഡിന് ലഭിക്കുവാൻ നടപടി**

**745**

**ശ്രീ. പി. കെ. ഗുരുദാസൻ**
**,, എസ്. ശർമ്മ**
**,, കെ. കുഞ്ഞമ്മത് മാസ്റ്റർ**
**,, പുരുഷൻ കടലുണ്ടി**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പന്തല്ലൂർ ക്ഷേത്ര ഭൂമിയുടെ കൈവശാവകാശം മലബാർ ദേവസ്വം ബോർഡിന് ലഭിച്ചു കഴിഞ്ഞോ;

(ബി) അനധികൃതമായി ക്ഷേത്രഭൂമി കൈവശം വച്ചിരുന്നത് ആരായിരുന്നു;

(സി) കയ്യേറ്റം ഒഴിപ്പിക്കാൻ സർക്കാർ അനാസ്ഥ കാണിച്ചതായി വന്ന ആരോപണം പരിശോധിച്ചിരുന്നോ;

(ഡി) ഒടുവിലത്തെ കോടതി വിധി എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>ഗുരുവായൂർ ക്ഷേത്ര സുരക്ഷ</u>**

**746 ശ്രീ. കെ. വി. അബ്ദുൾ ഖാദർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്ര സുരക്ഷ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം കാര്യങ്ങളാണ് ഗുരുവായൂർ ക്ഷേത്ര സുരക്ഷയ്ക്ക് വേണ്ടി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 13.06.2012-ലെ മറുപടിക്ക്

<u>ബാലുശ്ശേരി കോട്ട ചരിത്ര സ്മാരകമാക്കുന്നതിന് നടപടി</u>

747 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചരിത്ര പ്രസിദ്ധമായ ബാലുശ്ശേരി കോട്ടയിലെ ചുമർ ചിത്രങ്ങൾ സംരക്ഷിക്കുന്നതിനും ഇവിടം ചരിത്ര സ്മാരകമായി പ്രഖ്യാപിക്കുന്നതിനുമുള്ള നട പടികളുടെ പുരോഗതി അറിയിക്കാമോ ;

(ബി) ക്ഷേത്ര കലകളുടെയും പ്രാദേശിക പാരമ്പര്യ കലക ളുടെയും പഠനത്തിനും പരിശീലനത്തിനും ഗവേഷണ ത്തിനുമായി ഒരു സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ .

(സി) ഉണ്ടെങ്കിൽ അത്തരം ഒരു സ്ഥാപനം ബാലുശ്ശേരി കോട്ട വക ഭൂമിയിൽ ആരംഭിക്കാമോ ?

# കേരള നിയമസഭ
## 13.06.2012-ലെ മറുപടിക്ക്

**<u>ദേവസ്വം വകുപ്പിന്റെ ബഡ്ജറ്റ് വിഹിതം</u>**

**748 ശ്രീ. സി. കെ. സദാശിവൻ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവുവകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിൽ കഴിഞ്ഞ ബജറ്റിൽ ഓരോ ഹെഡ് ഓഫ് അക്കൗണ്ടിലും വകയിരുത്തിയ തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്ന് അറിയിക്കുമോ;

(ബി) ദേവസ്വം വകുപ്പിൽ 2011-12 കാലയളവിൽ നീക്കിവെച്ചിരുന്ന പ്ലാൻ ഫണ്ടും ചെലവും ഇനംതിരിച്ച് അറിയിക്കാമോ;

(സി) 2011-12 ദേവസ്വം വകുപ്പിന് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയായിരുന്നു; ഓരോന്നിനും വകയിരുത്തിയിരിക്കുന്ന തുകയും മാർച്ച് 31 വരെ ചെലവഴിച്ച തുകയും എത്രയെന്നറിയിക്കുമോ?